(എ) കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിൽ 2003-04-ൽ എത്ര ദിവസം ജോലി നൽകി;

(ബി) 2004-05-ൽ എത്ര ദിവസം ജോലി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിൽ ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ ജോലി കൊടുത്തിട്ടുള്ളത് ഏതു മന്ത്രിസഭയുടെ കാലത്താണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2003-ൽ 51 ദിവസവും 2004-ൽ 136 ദിവസവും ജോലി നൽകി.

(ബി) 2005-ൽ ഇതുവരെ 30 ദിവസം നൽകി. 250 ദിവസം ജോലി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഇപ്പോഴുള്ള മന്ത്രിസഭയുടെ കാലത്താണ്.

കെ. എസ്. ഐ. ഡി. സി. യുടെയും, കിൻഫ്രയുടെയും പുതിയ പ്രോജക്ടുകൾ

9 [3447] *ശ്രീ. വി. ഡി. സതീശൻ:*
,, *കെ. അച്ചുതൻ:*
,, *ജോർജ് ജെ. മാത്യു:*
,, *എം. എ. ചന്ദ്രശേഖരൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഐ. ഡി. സി. യും കിൻഫ്രയും ഈ വർഷം ഏതെങ്കിലും പുതിയ പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ എന്നെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവായി;

(സി) പ്രസ്തുത പ്രോജക്ടുകളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി. 2004-05 വർഷത്തിൽ 5 പുതിയ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

1. സുരഭി ഇസ്പാറ്റ് പ്രൈ. ലി., പാലക്കാട് ജില്ല (18-4-2004-ൽ പൂർത്തിയാക്കി)
2. പി. പി. എസ്. സ്റ്റീൽസ് (കേരള) പ്രൈ.ലി., പാലക്കാട് ജില്ല (29-6-2004-ൽ പൂർത്തിയാക്കി)

LIBRARY ARCHIVES Kerala Legislative Assembly

3. യെല്ലോ ഫുഡ്സ് ലിമിറ്റഡ്, തൃശ്ശൂർ ജില്ല. (സെപ്റ്റംബർ 2004-ൽ പൂർത്തിയാക്കി)

4. സോളാർ ഓഫ്സെറ്റ് പ്രൈ. ലി. (ഇ. ആർ. എസ്.), എറണാകുളം ജില്ല (31-8-2004-ൽ പൂർത്തിയാക്കി)

5. ഡയമണ്ട്റോളർ ഫ്ളോർ മിൽസ് പ്രൈ.ലി. (എക്സ്പോ/മോഡി), കോട്ടയം ജില്ല. (8-10-2004-ൽ പൂർത്തിയാക്കി)

കിൻഫ്ര ഈ വർഷം പൂർത്തീകരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്:

1. കാസർഗോഡ് ജില്ലയിലെ സീതാംഗോലിയിൽ 190 ഏക്കർ ഭൂമിയിലുള്ള ചെറുകിട വ്യവസായ പാർക്ക്. (7-3-2005-ൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി)

2. തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ 30 ഏക്കർ ഭൂമിയിലുള്ള ചെറുകിട വ്യവസായ പാർക്ക്. (22-10-2004-ൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി)

(ബി) കെ. എസ്. ഐ. ഡി. സി.യുടെ പദ്ധതികളിലെ ആകെ നിക്ഷേപം 984 ലക്ഷം രൂപയാണ്.

കിൻഫ്രയുടെ പാർക്കുകൾക്കായി ചെലവാക്കിയ തുക 11.56 കോടി രൂപയാണ്.

(സി) കെ. എസ്. ഐ. ഡി. സി.യുടെ പ്രോജക്ടുകളിൽ ആകെ 211 പേർക്ക് തൊഴിൽ ലഭിക്കും.

കിൻഫ്രയുടെ രണ്ടു പാർക്കുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളിലെല്ലാം കൂടി 81 പേർ തൊഴിൽ ചെയ്യുന്നുണ്ട്. കൂടാതെ വ്യവസായം തുടങ്ങാൻ പ്രാരംഭ നടപടികൾ ആരംഭിച്ച യൂണിറ്റുകളിലെല്ലാം കൂടി വരും വർഷം ഏകദേശം 1600 പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെ. എം. എം. എൽ., മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

10 [3448] *ശ്രീ. വി. ചെന്താമരാക്ഷൻ:*
,, *സാജുപോൾ:*
,, *കെ. പി. സതീശ്ചന്ദ്രൻ:*
ഡോ. തോമസ് ഐസക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന കെ. എം. എം. എൽ., മലബാർ സിമന്റ്സ്, ട്രാവൻകൂർ സിമന്റ്സ് തുടങ്ങിയ സ്ഥാപനങ്ങളിലെ നിയമനങ്ങളും മറ്റ് ഇടപാടുകളുമായി ബന്ധപ്പെട്ട് ചില ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly